# സേവ് ദി ഡോക്ടർ ദേശീയ പ്രസ്ഥാനത്തിന് തുടക്കമായി

കൊച്ചി : രാജ്യത്തെ മെഡിക്കൽ ബിരുദ, ബിരുദാനന്തര സീറ്റുകൾ തുല്യമാക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ), അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ (എ.എച്ച്.പി.ഐ) എന്നീ സംഘടനകളും മെഡിക്കൽ വിദ്യാർഥികളുടെ പ്രതിനിധികളും ചേർന്ന് സേവ് ദി ഡോക്ടർ എന്ന ദേശീയ പ്രസ്ഥാനത്തിന് തുടക്കമിട്ടു. ഗ്രാമീണ സേവനത്തെ ഇൻേറൺഷിപ്പിൻെറയും പോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനിങ്ങിൻെറയും ഭാഗമാക്കണമെന്നും പ്രസ്ഥാനം ആവശ്യപ്പെടുന്നു. മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പി.ജി സീറ്റുകളുടെ കുറവുകാരണം ഇന്ത്യയിൽ സ്പെഷലിസ്റ്റ്സ് ഡോക്ടർമാർക്ക് വൻ ക്ഷാമമമാണ് അനുഭവപ്പെടുന്നതെന്ന് എ.എച്ച്.പി.ഐ ട്രഷറർ ഡോ. ദേവി ഷെട്ടി ചൂണ്ടിക്കാട്ടി.

ഇന്ത്യയിൽ ഇപ്പോൾ 45,600 മെഡിക്കൽ ബിരുദ സീറ്റുകളാണുള്ളത്. വൈകാതെ അത് 50,000 ആകും. എന്നാൽ, പി.ജി സീറ്റുകളാകട്ടെ 12,000 മാത്രമാണ്. ഇതിലേക്ക് കഴിഞ്ഞവർഷം 1,10,000 ഡോക്ടർമാരാണ് പ്രവേശ പരീക്ഷയെഴുതിയത്. പ്രശ്നത്തിൻെറ ഗുരുതരാവസ്ഥ ഇത് ചൂണ്ടിക്കാണിക്കുന്നതായി സേവ് ദി ഡോക്ടർ കാമ്പയിൻെറ കോഓഡിനേറ്റർ ഡോ. നവനീത് മോട്രെജ പറഞ്ഞു. ഓരോ പി.ജി വിദ്യാർഥിയും കോഴ്സിൻെറ ഭാഗമായി ആറുമാസത്തെ ഗ്രാമീണ സേവനം നടത്തുന്നത് നിർബന്ധിതമാക്കണമെന്ന് ഐ.എം.എ സെക്രട്ടറി ജനറൽ ഡോ. നരേന്ദ്ര സൈനി ആവശ്യപ്പെട്ടു. ഒരു ഡോക്ടർക്ക് തങ്ങളുടെ ഔദ്യോഗിക ജീവിതകാലത്ത് നാലോ അഞ്ചോ പ്രൊമോഷനുകൾ ലഭിക്കും. ഇവയിൽ ഓരോ പ്രൊമോഷനും ഒരുവർഷത്തെ ഗ്രാമീണ സേവനം നിർബന്ധമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പുതിയ പ്രസ്ഥാനത്തിൽ പങ്കുചേരാൻ താൽപര്യമുള്ളവർ www.savethedoctor.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ആവശ്യങ്ങൾ പോസ്റ്റ് ചെയ്യണം.